No: DTPC-A/73/17/2026/04

kerala
God's Own Country

**ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആലപ്പുഴ**
സംസ്ഥാന വിനോദ സഞ്ചാര വകുപ്പ്
ബോട്ട് ജെട്ടി റോഡ്, മുല്ലക്കൽ,
ആലപ്പുഴ-688011
ഫോൺ: 0477 2251796 / 9447483308
E-mail: info@dtpcalappuzha.com

---

Date: 04/03/2026

## താത്പര്യപത്രം ക്ഷണിക്കുന്നു.

## ആല -പൂമലച്ചാൽ ടൂറിസം ഡെസ്റ്റിനേഷൻ

*ആലപ്പുഴ ചെങ്ങന്നൂർ മണ്ഡലത്തിലെ ആല ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആല - പൂമലച്ചാൽ ടൂറിസം ഡെസ്റ്റിനേഷൻ അഞ്ച് (5) വർഷ കാലയളവിലേയ്ക്ക് നിലവിലുള്ള അവസ്ഥയിൽ ഏറ്റെടുത്ത് വിവിധ വിനോദ സഞ്ചാര പദ്ധതികൾ നടപ്പാക്കുന്നതിനായി താത്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു കൊള്ളുന്നു.*

***താത്പര്യപത്ര ഫോറങ്ങൾ 05/03/2026 മുതൽ 16/03/2026 പകൽ 11 മണിവരെ വാങ്ങാവുന്നതും 16/03/2026 പകൽ 3 മണി വരെ സമർപ്പിക്കാവുന്നതുമാണ്. 17/03/2026 പകൽ 4 മണി മണിക്ക് നിലവിലുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെക്നിക്കൽ ബിഡുകളുടെ പ്രാഥമിക പരിശോധന നടത്തും.** ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ EOI ഫോറത്തിൽ ലഭ്യമാണ്.*

*കൂടുതൽ വിവരങ്ങൾക്കായി DTPC ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക ഫോൺ: 0477 2251796/ 9447483308*

| | | |
|---|---|---|
| 1 | ഫോറം വില | Rs. 1180/- (1000+ 18% GST) (വില തിരികെ നൽകുന്നതല്ല) |
| 2 | കാലാവധി | ആദ്യ കാലാവധി അഞ്ച് (5) വർഷം. 5 വർഷത്തിന് ശേഷം EoI ഫോമിൽ Annexure-4 ന്റെ Section-E ൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട നിബന്ധനകളും, വ്യവസ്ഥകളും അനുസരിച്ച് കാലാവധി നീട്ടുന്നത് സംബന്ധിച്ച് DTPC തീരുമാനം എടുക്കും. |
| 3 | സെക്യൂരിറ്റി ഡിപ്പോസിറ്റ് | 6 മാസ പ്രതിമാസ ലൈസൻസ് ഫീസിന് തുല്യമായ തുക |
| 4 | ഫീസ് വർദ്ധനവ് | ലൈസൻസ് ഫീസ് വർദ്ധനവ് - പ്രതിവർഷം 10% |
| 5 | EMD (നിരതദ്രവ്യം) | 25,000 രൂപ |
| 6 | പദ്ധതി പ്രദേശത്തെ നിലവിലുള്ള ഘടകങ്ങൾ | 1. SITE BOUNDARY DEVELOPMENT AND GI CHAIN LINK MESH + GATE<br>2. PARKING YARD<br>3. WALKWAY<br>4. FLOATING WALKWAY<br>5. TOILET BLOCK<br>6. SECURITY CABIN<br>7. HUT<br>8. ELECTRICAL WORKS<br>9. MUSICAL FOUNTAIN<br>10. PEDAL BOATS<br>11. PLAY EQUIPMENT |

## പ്രധാന വിവരങ്ങൾ

| | | |
|---|---|---|
| 7 | യോഗ്യതാ മാനദണ്ഡം | **താത്പര്യപത്രത്തിൽ (Expression of Interest) പങ്കെടുക്കുന്നതിന് താഴെ പ്പറയുന്ന പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം.**<br><br>(A) വിശദവും, പ്രയോഗികകവും കൃത്യവും, നിയമാനുസരണവുമായ പദ്ധതി രൂപ രേഖ (EOI ടെക്നിക്കൽ ബിഡ്) സമർപ്പണം<br><br>(B) താത്പര്യപത്രത്തിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി നടപ്പാക്കുന്നതിനാ യുള്ള താത്പര്യപത്രം സമർപ്പിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തി ന്റെ സാമ്പത്തിക ശേഷി തെളിയിക്കുന്ന താഴെപ്പറയുന്ന രേഖ കൾ ഉൾപ്പെടുത്തണം.<br><br>**(1) താത്പര്യപത്രം സമർപ്പിക്കുന്നത് വ്യക്തിയാണെങ്കിൽ ടിയാ ളുടെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ ഇൻകം ടാക്സ് റിട്ടേൺസ് ഫയൽ ചെയ്തതിന്റെ സർക്കാർ രേഖകൾ ഉണ്ടായിരിക്കണം.**<br><br>**(2) താത്പര്യപത്രം സമർപ്പിക്കുന്നത് സ്ഥാപനത്തിന് വേണ്ടിയാ ണെങ്കിൽ സ്ഥാപനത്തിന്റെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർ ഷങ്ങളിലെ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് ചെയ്ത റിപ്പോ ർട്ട് ഉണ്ടായിരിക്കണം.**<br><br>**(C) സമർപ്പിക്കുന്ന പദ്ധതി നടത്തുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തവരുടെ/തെളിയിക്കാത്തവരുടെ താത്പര്യപത്രം പരിഗണി ക്കുന്നതല്ല.**<br><br>(D) EOI സമർപ്പിക്കുന്ന വ്യക്തി /സ്ഥാപനത്തിന്റെ/ ഉടമ/പങ്കാളി/ ഡയറക്ടർ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥർ, അതു പോലെ അവരുടെ അടുത്ത ബന്ധുക്കളിൽ ആരും DTPC യുടെ ജീവനക്കാരോ, എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ജനറൽ ബോഡി യിലെ അംഗങ്ങളോ ആയിരിക്കരുത്.<br><br>(E) EOI സമർപ്പിക്കുന്ന വ്യക്തി / സ്ഥാപനത്തിന് എതിരായി ക്രിമിന ൽ കേസുകൾ ഉണ്ടായിരിക്കരുത്.<br><br>(F) EOI സമർപ്പിക്കുന്ന വ്യക്തി/കമ്പനി സർക്കാരിന്റേയോ ഏതെ ങ്കിലും സംഘടനയുടേയോ കരിമ്പട്ടികയിൽ (Blacklist) ഉൾപ്പെട രുത്.<br><br>**(G) താത്പര്യപത്രം സമർപ്പിക്കുന്നത് സ്ഥാപനത്തിന് വേണ്ടിയാണെ ങ്കിൽ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെടുന്ന ഇന്ത്യ യിൽ രജി സ്റ്റർ ചെയ്ത / സംയോജിപ്പിച്ച നിയമാനുസൃത മായ സ്വതന്ത്ര സ്വകാര്യ സ്ഥാപനങ്ങൾ / സർക്കാർ ഉടമസ്ഥതയി ലുള്ള സ്ഥാപനങ്ങൾ ആയിരിക്കണം.**<br><br>(1) ഒരു പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനം (Proprietorship Firm)<br><br>(2) പാർട്ണർഷിപ്പ് സ്ഥാപനം (Partnership Firm)<br><br>(3) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് (Limited Liability Partnership (LLP)<br><br>(4) സംയുക്ത സംരംഭങ്ങൾ (Joint venture Entities) |



ടൂറിസം പ്രമോഷൻ കൗൺസിൽ
വിനോദ സഞ്ചാര വകുപ്പ്
കേരള സർക്കാർ
ആലപ്പുഴ

| | | |
|---|---|---|
| | | (5) 2013 ലെ കമ്പനി ആക്ട് പ്രകാരം (18 of 2013) പ്രകാര മുള്ള വകുപ്പ് 7 (2), വകുപ്പ് 8(1), 2014-ലെ കമ്പനികളുടെ (ഇൻകോർപ്പറേഷൻ) ചട്ടങ്ങൾ, റൂൾ 18 എന്നിവ അനുസരിച്ച് "സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ" സർട്ടിഫിക്കറ്റ് ലഭി ച്ചിട്ടുള്ള പബ്ലിക് ലിമിറ്റഡ് കമ്പനി (Public Limited Company) /പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (Private Limited Company)<br><br>(6) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ (Government-Owned Entities)<br><br>(H) സ്ഥാപനത്തിന്/കമ്പനിക്ക് നിലവിൽ കാലാവധി കഴിയാത്ത സർക്കാർ അംഗീകൃത ലൈസൻസ് / രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.<br>(I) സ്ഥാപനത്തിന്റെ പേരിൽ സാധുവായ GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.<br>(J) സ്ഥാപനത്തിന്റെ പേരിൽ പാൻകാർഡ് (PAN Card) ഉണ്ടായിരിക്കണം. |
| 7(a) | അധിക യോഗ്യതാ മാനദണ്ഡം | 1) സമാനമായ പദ്ധതി നടപ്പാക്കുന്നതിൽ 1 വർഷത്തിൽ കൂടുതൽ മുൻ പരിചയം.<br><br>2) സർക്കാർ/ അർദ്ധസർക്കാർ/ പൊതു മേഖല സ്ഥാപനങ്ങളുമായി സമാനമായ പദ്ധതികളിൽ ഏർപ്പെടൽ. |
| 8 | തെരഞ്ഞെടുപ്പ് രീതി | (1) സമർപ്പിക്കുന്ന താത്പര്യപത്രങ്ങളുടെ ടെക്നിക്കൽ ബിഡിന്റെ (Technical Bid) ഗുണനിലവാരം, ഫിനാൻഷ്യൽ ബിഡിൽ (Financial Bid) ക്വോട്ട് ചെയ്തിട്ടുള്ള തുക എന്നീ രണ്ട് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള രീതിയായിരിക്കും. താത്പര്യപത്രങ്ങളുടെ തെരഞ്ഞെടുപ്പിന് സ്വീകരിക്കുക.<br><br>**(2) പരമാവധി 100 മാർക്കാണ് ടെക്നിക്കൽ ബിഡ് പരിശോധനയിൽ നൽകുക.**<br><br>**(3) ടെക്നിക്കൽ ബിഡ് വെരിഫിക്കേഷനിൽ അറുപത്തിയഞ്ച് (65) മാർക്കോ അതിന് മുകളിലോ കരസ്ഥമാക്കുന്നവരെ മാത്രമേ ഫിനാൻഷ്യൽ ബിഡ് പരിശോധനയ്ക്കായി പരിഗണിക്കുകയുള്ളൂ.**<br><br>**(4) മേൽ പരാമർശിച്ച പ്രകാരം യോഗ്യത നേടുന്നവരുടെ ഫിനാൻഷ്യൽ ബിഡുകൾ പരിശോധന നടത്തി ഏറ്റവും കൂടുതൽ ലൈസൻസ് ഫീസ് രേഖപ്പെടുത്തിയ വ്യക്തിയെ/സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കും.** |
| 9 | **മൂല്യനിർണ്ണയ രീതി** | **EOI ഫോറത്തിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ മൂല്യനിർണ്ണയം നടത്തും.** |

**ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ EOI ഫോറത്തിൽ ലഭ്യമാണ്.**

കൂടുതൽ വിവരങ്ങൾക്കായി DTPC ഓഫീസുമായി ബന്ധപ്പെടുക

**ഫോൺ: 04772251796/ 9447483308**

സെക്രട്ടറി